**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1162** | **10-08-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെൻറേഷൻ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ഉറപ്പ് വരുത്തുവാനായി വിവിധ തലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ പദ്ധതികളുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി PASK Software ഉപയോഗിച്ച് വരുന്നു. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സമാജികരും, ജില്ലാ കളക്ടറും, കേരള സംസ്ഥാന പ്ലാനിംഗ് ബോർഡും, കിഫ്ബി ഉദ്യോഗസ്ഥരും, കേരള വാട്ടർ അതോറിറ്റിയിലെ ഉന്നതതല ഉദ്യോഗസ്ഥരും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒരു ടൈം ടേബിൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | **പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ടൈംടേബിൾ തയ്യാറാക്കിയിട്ടുണ്ട്.** |
| (സി) | പദ്ധതിയുടെ ഓരോ ഘട്ടത്തിന്റെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ; | (സി) | **ഈ പദ്ധതി 6 പാക്കേജുകളിലായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 9 പാക്കേജുകളായി പ്രവൃത്തി നടപ്പാക്കുന്നതിന് പുനർക്രമീകരണം ചെയ്യുകയുണ്ടായി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**<u>പാക്കേജ്-1</u>**<br><br>**തലവടി പഞ്ചായത്തിലെ നിരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ചർ, റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് (120 HP), 30 ദശലക്ഷം ലിറ്റർ പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാല എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റീ ടെണ്ടർ ക്ഷണിച്ചതിൽ** |

ഒരു കരാറുകാരൻ പങ്കെടുത്തു. ഈ പാക്കേജിന്റെ പ്രീക്വാളിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നു.

<u>പാക്കേജ്-2</u>

തലവടി (8 ലക്ഷം ലിറ്റർ), എടത്വ (11 ലക്ഷം ലിറ്റർ), എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും, നീരേറ്റുപുറത്തെ ജലശുദ്ധീകരണശാലയിൽ നിന്നും തലവടി, എടത്വ, വീയപുരം എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണിയിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണവുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റീ ടെണ്ടർ ക്ഷണിച്ചതിൽ ഒരു കരാറുകാരൻ പങ്കെടുത്തു. ഈ പാക്കേജിന്റെ പ്രീ ക്വാളിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നു.

<u>പാക്കേജ്-3</u>

നീരേറ്റുപുറത്തെ ജലശുദ്ധീകരണശാലയിൽ നിന്നും മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സാങ്കേതികാനുമതിയ്ക്കായി പുതുക്കിയ എസ്റ്റിമേറ്റിന്റെ പരിശോധന നടന്നു വരുന്നു. എ.സി റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.റ്റി.പിയ്ക്ക് 21.8 കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി തുടങ്ങാൻ KSTP, ULCSS-ന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

<u>പാക്കേജ്-4</u>

എടത്വ, വീയപുരം, തലവടി, തകഴി എന്നീ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും, തകഴി പഞ്ചായത്തിൽ (6 ലക്ഷം ലിറ്റർ) ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടെണ്ടർ ക്ഷണിച്ചു. ഒരു ഓഫർ ലഭിച്ചിട്ടുണ്ട്. പ്രി ക്വാളിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നു.

<u>പാക്കേജ്-5</u>

മുട്ടാർ (3.5 ലക്ഷം ലിറ്റർ), വെളിയനാട് (4.5 ലക്ഷം ലിറ്റർ), നീലംപേരൂർ (5.5 ലക്ഷം ലിറ്റർ) എന്നീ

സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റീ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

<u>പാക്കേജ്-6</u>

പുളിങ്കുന്ന് (12 ലക്ഷം ലിറ്റർ), കാവാലം (8 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സാങ്കേതികാനുമതിയ്ക്കായി പുതുക്കിയ എസ്റ്റിമേറ്റിന്റെ പരിശോധന നടന്നു വരുന്നു.

<u>പാക്കേജ്-7</u>

രാമങ്കരി (5.75 ലക്ഷം ലിറ്റർ), ചമ്പക്കുളം (5.5 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവർത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>പാക്കേജ്-8</u>

കൈനകരി (7 ലക്ഷം ലിറ്റർ), നെടുമുടി (8.5 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>പാക്കേജ് -9</u>

വീയപുരം (4.75 ലക്ഷം ലിറ്റർ) ഉന്നതതല ജലസംഭരണിയുടെ നിർമ്മാണവും, എടത്വ ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവുമാണ് ഈ പാക്കേജിൽ

| | | | |
|---|---|---|---|
| | | | **ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതാണ്.** |
| (ഡി) | പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | **ഈ പദ്ധതിക്കായി GO (Rt) No.421/2023/WRD Dated 02.05.2023 പ്രകാരം 387.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ധനാനുമതി കിഫ്ബിയുടെ പരിഗണനയിലാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് 6 മുതൽ 9 വരെയുള്ള പാക്കേജുകൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.** |
| (ഇ) | പദ്ധതിയുടെ പ്രവർത്തന പുരോഗതി ഓരോ ദിവസവും മോണിറ്റർ ചെയ്യാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഇ) | **പദ്ധതികളുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി Pask Software ഉപയോഗിച്ച് വരുന്നു. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സാമാജികരും, ജില്ലാ കളക്ടറും, കേരള സംസ്ഥാന പ്ലാനിംഗ് ബോർഡും, കിഫ്ബി ഉദ്യോഗസ്ഥരും, കേരള വാട്ടർ അതോറിറ്റിയിലെ ഉന്നതതല ഉദ്യോഗസ്ഥരും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ